# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3022**
**18.10.2016 ലെ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. വി.ടി. ബൽറാം<br>ശ്രീ. പി.ടി. തോമസ് | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | സംസ്ഥാനത്ത് ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | ട്രഷറി കോർബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കിവരുന്നു. 2016 ഡിസംബർ മാസം അവസാനത്തോടെ സംസ്ഥാനത്തെ മുഴുവൻ ട്രഷറികളിലും കോർബാങ്കിംഗ് സിസ്റ്റം ഏർപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 14.10.2016 വരെ 106 ട്രഷറികളിൽ കോർബാങ്കിംഗ് സിസ്റ്റം ഏർപ്പെടുത്തിക്കഴിഞ്ഞു. |
| (ബി) | ഇല്ലെങ്കിൽ ഇത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | |
| (സി) | സംസ്ഥാനത്തെ ട്രഷറികളിൽ എ.റ്റി.എം. സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എ.റ്റി.എം. സ്ഥാപിക്കുന്നതിനും ഇതുവഴി പണമിടപാട് കാര്യക്ഷമമായി നടത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ? | സംസ്ഥാനത്തെ ട്രഷറികളിൽ എ.റ്റി.എം സംവിധാനം നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ട്രഷറി അക്കൗണ്ടുകളിലുള്ള പണം, അക്കൗണ്ട് ഉടമകൾക്ക് യഥേഷ്ടം ബാങ്ക് അക്കൗണ്ടുകളിലേക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് ATM ലൂടെ പിൻവലിക്കുന്നതിനുമുള്ള സൗകര്യമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

(signature)

സെക്ഷൻ ഓഫീസർ